**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 142** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഹോസ്റ്റലുകളിലെ അരക്ഷിതാവസ്ഥ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഹോസ്റ്റലുകളിൽ അമിത രാഷ്ട്രീയ പ്രവർത്തനവും ഗുണ്ടായിസവും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും മൂലം അരക്ഷിതാവസ്ഥ നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 30.09.2026-ന് വൈകുന്നേരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിലും ഹോസ്റ്റലിലും നടന്ന സംഘർഷം അമിതമായ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കൺവീനറായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ജില്ല കളക്ടർ തിരുവനന്തപുരം എന്നിവർ അംഗങ്ങളായി ഒരു അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഇത്തരം ഹോസ്റ്റലുകളിലെ മുറികൾ അക്രമവാസനയുള്ള ചില വിദ്യാർത്ഥികൾ തങ്ങളുടെ ഇംഗിതത്തിന് വഴങ്ങാത്ത വിദ്യാർത്ഥികളെ പീഡിപ്പിക്കാനുള്ള ഇടിമുറികളായി ഉപയോഗിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024 ൽ കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല വിദ്യാർത്ഥിയായ സിദ്ധാർത്ഥന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങൾക്കു ശേഷം സർക്കാർ ഈ വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. ചില ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കാതെ അനധികൃതമായി താമസിക്കുന്നു എന്ന വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി താമസിക്കുന്ന വിദ്യാർത്ഥികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഹോസ്റ്റൽ വാർഡൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതും, 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടതുമായ കേരളത്തിലെ ക്യാമ്പസുകളിൽ റാഗിംഗ് തടയാൻ "സിദ്ധാർത്ഥൻ സ്റ്റുഡന്റ് ഡിസ്ട്രസ് ആപ്പ്" ("Sidharthan Student Distress App") ഉം വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പ് വരുത്താൻ 'സിദ്ധാർത്ഥൻ ആന്റി റാഗിംഗ് ആന്റ് സ്റ്റുഡന്റ് വെൽഫയർ ആക്ട് ' (' Sidharthan Anti Ragging &

Student Welfare Act') നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കരട് നിയമം രൂപീകരിക്കുന്നതിനുള്ള കമ്മിറ്റിയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ, ചെയർമാനായി പ്രവർത്തിച്ച് വരുന്നു. കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സജീവമായ പങ്കാളിത്തം വഹിക്കുന്നുണ്ട്.

**(സി)** പൂർവവിദ്യാർത്ഥികളും മറ്റ് സാമൂഹ്യവിരുദ്ധരും ഹോസ്റ്റലുകളിൽ സ്ഥിരമായി തമ്പടിക്കുകയും മറ്റ് അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അത്തരക്കാരെ ഹോസ്റ്റലുകളിൽ നിന്ന് ഒഴിവാക്കി ഹോസ്റ്റലുകളിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024 ൽ കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല വിദ്യാർത്ഥിയായ സിദ്ധാർത്ഥന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങൾക്കു ശേഷം സർക്കാർ ഈ വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നു. ചില ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ അഡ്മിഷൻ എടുക്കാതെ അനധികൃതമായി താമസിക്കുന്നു എന്ന വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി താമസിക്കുന്ന വിദ്യാർത്ഥികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഹോസ്റ്റൽ വാർഡൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതും, 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടതുമായ കേരളത്തിലെ ക്യാമ്പസുകളിൽ റാഗിംഗ് തടയാൻ "സിദ്ധാർത്ഥൻ സ്റ്റുഡന്റ് ഡിസ്ട്രസ് ആപ്പ്" ("Sidharthan Student Distress App") ഉം വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പ് വരുത്താൻ 'സിദ്ധാർത്ഥൻ ആന്റി റാഗിംഗ് ആന്റ് സ്റ്റുഡന്റ് വെൽഫയർ ആക്ട് ' (' Sidharthan Anti Ragging & Student Welfare Act') നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കരട് നിയമം രൂപീകരിക്കുന്നതിനുള്ള കമ്മിറ്റിയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ, ചെയർമാനായി പ്രവർത്തിച്ച് വരുന്നു. കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സജീവമായ പങ്കാളിത്തം വഹിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിലേയും ഹോസ്റ്റലിലേയും 30-09-2026 ലെ സംഘർഷം - അന്വേഷണസംഘം രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1307/2026/HEDN തീയതി,തിരുവനന്തപുരം, 15-10-2026

---

**ഉത്തരവ്**

30/09/2026ന് വൈകിട്ട് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിലും ഹോസ്റ്റലിലും നടന്ന സംഘർഷം അമിതമായ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന മാധ്യമ സൂചനകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കേരളം (കൺവീനർ)
2. സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, തിരുവനന്തപുരം

അന്വേഷണ സംഘം അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI M R

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

രജിസ്ട്രാർ, കേരള സർവകലാശാല

ഉത്തരവിൻ പ്രകാരം

Digitally signed by
Asoka Kumari. L
Date: 15-10-2026
12:18:33

സെക്ഷൻ ഓഫീസർ

പകർപ്പ് : -

ബഹു. ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ-യ്ക്ക്